പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 819

05/06/2018 ൽ മറുപടിക്ക്

ശബരിമല വികസനം

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണ്; | (എ) | ഉണ്ട്. കേന്ദ്ര തീരുമാനം ലഭ്യമായിട്ടില്ല |
| (ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ലക്ഷക്കണ ക്കിന് തീർത്ഥാടകർ ദർശനത്തിന് എത്തുന്ന ശബരിമലയിൽ തിരുമല വെങ്കടേശ്വരക്ഷേത്ര ത്തിൽ നടക്കുന്ന രീതിയിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിനെ ക്കുറിച്ച് ആലോചിക്കുമോ; വ്യക്തമാക്കാമോ; | (ബി) | തിരുമല വെങ്കടേശ്വര ക്ഷേത്രത്തെ പോലെ ശബരിമലയിൽ നിത്യപൂജയില്ല. പ്രധാന വിശേഷങ്ങളായ മണ്ഡലമകര വിളക്ക്, മേടവിഷു ഉത്സവം എന്നീ കാലയളവുകളിൽ ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിശുദ്ധി സേനാംഗങ്ങളെ ഉപയോഗിച്ച് ഫലപ്രദമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) | തീർത്ഥാടകർക്കായി അടുത്ത സീസണിന് മുമ്പ് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ ശബരിമലയിൽ ഒരുക്കുന്ന തിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിനായി കൂടുതൽ വനഭൂമി വിട്ടുതരണമെന്ന ആവശ്യ ത്തിന്മേൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയ ത്തിന്റെ പ്രതികരണം എന്താണ്; വിശദമാക്കാമോ? | (സി) | അനുദിനം വർദ്ധിച്ചു വരുന്ന ഭക്തജന തിരക്ക് പരിഗണിച്ച് തീർത്ഥാടകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ ദേവസ്വം ബോർഡ്, ശബരിമല മാസ്റ്റർപ്ലാൻ, നടപ്പാക്കുന്ന ഹൈപവർ കമ്മിറ്റി യുമായി ബന്ധപ്പെട്ട് അടുത്ത സീസണ് മുമ്പ് കുറ്റമറ്റ രീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സീസണിൽ ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ സർക്കാർ വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്നുണ്ട്. വികസനപ്രവർത്ത നങ്ങൾക്കായി 500 ഹെക്ടർ വനഭൂമി വിട്ടു തരണമെന്ന് ദേവസ്വം ബോർഡ് കേന്ദ്രസർക്കാറിനു നിവേദനം നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടില്ലായെന്നും ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ